110 കെ. വി. സബ്സ്റ്റേഷന്റെ പണി പുരോഗമിച്ചു വരുന്നു. സബ്സ്റ്റേഷനിലേക്കുള്ള 110 കെ. വി. ലൈനിന്റെ നിർമ്മാണം കോടതി വ്യവഹാരത്താൽ നിർത്തി വെച്ചിരുന്നെങ്കിലും വ്യവഹാരങ്ങളിൽ കോടതി തീർപ്പ് കൽപ്പിച്ചതിനാൽ ലൈൻ നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ട്. ലൈൻ പണി പൂർത്തീകരിച്ച് സബ്സ്റ്റേഷൻ പ്രവർത്തിപ്പിക്കാനുള്ള സത്വരനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നാദാപുരത്ത് ഒരു 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ ബോർഡ് കൈക്കൊണ്ടിട്ടുണ്ട്. ഇവ കൂടാതെ റൂറൽ ഇല്ക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ സഹായത്തോടെ ഒരു 110 കെ. വി. സബ്സ്റ്റേഷൻ പണിയുവാനും നിലവിലുള്ള മൂന്നു 110 കെ. വി. സബ്സ്റ്റേഷനുകളിൽ 16 എം.വി.എം. ശേഷിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും എട്ട് 33 കെ.വി. സബ്സ്റ്റേഷൻ പണിയുവാനുമുള്ള പദ്ധതികൾക്കും രൂപം കൊടുത്ത് നടപ്പിലാക്കിവരുന്നു. ഈ സബ്സ്റ്റേഷനുകളുടെ നിർമ്മാണം 2001-2002 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വിതരണ ശൃംഖലയിൽ കാസർഗോഡ് ഇലക്ട്രിക്കൽ സർക്കിളിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ രൂപം കൊടുത്തിട്ടുള്ള 272 വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളിൽ 82 എണ്ണവും സിസ്റ്റം ഇംപ്രൂവ്മെന്റ് സ്കീമിലുള്ള 76 പദ്ധതികളിൽ 41 എണ്ണവും പൂർത്തീകരിച്ച് 25 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിച്ച പണികൾ എത്രയും പെട്ടെന്ന് ചെയ്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ വിവരിച്ച താപവൈദ്യുതി നിലയങ്ങളും പ്രസരണ വിതരണ ശൃംഖലകളിലെ പദ്ധതികളും പ്രവർത്തന സജ്ജമാകുമ്പോൾ കാസർഗോഡ് ജില്ലയിലെ ഇപ്പോൾ അനുഭവപ്പെടുന്ന വൈദ്യുതി ക്ഷാമത്തിന് ഗണ്യമായ മാറ്റം ഉണ്ടാകുന്നതാണ്. കേടായ മീറ്ററുകൾ സംസ്ഥാനമൊട്ടാകെ സമയബന്ധിതമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സ്പോട്ട് ബില്ലിംഗ് എല്ലാ സെക്ഷനിലും നടപ്പാക്കുന്നതിനാൽ കട്ട് ഓഫ് റീഡിംഗ് എടുത്ത് ബില്ല് ചെയ്തിട്ടുള്ളവർക്ക് ഇനി മുതൽ അഡീഷണൽ ബില്ലുകളുടെ പ്രശ്നം ഉദിക്കുന്നില്ല. കാർഷികാവശ്യത്തിന് കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ഈ വിഭാഗത്തിന് മുൻഗണന നൽകുന്നുണ്ട്. ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ധർമ്മസ്ഥാപനങ്ങൾക്ക് ഇപ്പോൾ തന്നെ എൽ.ടി. VI 'ഡി' വിഭാഗത്തിൽപ്പെടുത്തി താരിഫിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

(9) നീതി മെഡിക്കൽ സ്റ്റോർ ജീവനക്കാരുടെ സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. എം. വി. ജയരാജൻ : സർ, നീതി മെഡിക്കൽ സ്റ്റോർ പദ്ധതി വളരെയേറെ മഹത്തായ ഒരു ലക്ഷ്യത്തോടുകൂടി കേരളത്തിലെ ഗവൺമെന്റ് 1998-ൽ ആരംഭിച്ചതാണ്. മരുന്നുകൾക്ക് 40 ശതമാനവും 60 ശതമാനവും വരെ വിലക്കുറവ് നീതി മെഡിക്കൽ സ്റ്റോറുകളിലുണ്ട്. ഇത് മറ്റു മെഡിക്കൽ സ്റ്റോറുകളിലെ വിലയുമായി താരതമ്യം ചെയ്താൽ നമുക്ക് മനസ്സിലാകും. ഈ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ചില പ്രശ്നങ്ങളാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത്. കരാർ ദിവസക്കൂലി ജീവനക്കാരെ സ്ഥിരപ്പെടുത്തുക, അവരുടെ സേവനവേതന വ്യവസ്ഥകൾ

LIBRARY ARCHIVES Kerala Legislative Assembly

പുതുക്കി നിശ്ചയിക്കുക, ഇവരുടെ ശമ്പളം ഏകീകരിക്കുക, നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുക. സർക്കാർ സഹകരണ ആശുപത്രികളിലെ ലോക്കൽ പർചേസുകൾ നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേന നടത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഇന്ന് സെക്രട്ടേറിയറ്റ് നടയിൽ നീതി മെഡിക്കൽ സ്റ്റോറിലെ ജീവനക്കാർ മാർച്ച് നടത്തുകയാണ്. ഇവർ ഉയർത്തുന്ന ഈ മുദ്രാവാക്യം ഏറ്റവും ന്യായമാണ്. ഈ പദ്ധതിയെ വിപുലപ്പെടുത്താൻ കൂടി ഇത് സഹായകമാണ്. അതുകൂടി പരിഗണിച്ചുകൊണ്ട് ജീവനക്കാരുടെ ആവശ്യങ്ങൾ അനുവദിക്കണമെന്ന് ബന്ധപ്പെട്ട കൺസ്യൂമർഫെഡിന് ആവശ്യമായ നിർദ്ദേശം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, സംസ്ഥാനത്ത് ഇപ്പോൾ 102 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിൽ വിഭാവനം ചെയ്ത പ്രകാരമുള്ള തസ്തികകൾ ശമ്പളം എന്നിവ അംഗീകരിച്ച് 1999 മാർച്ചിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിയിലേക്ക് ആവശ്യമായ ജീവനക്കാരെ കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളതും നിയമിച്ചു വരുന്നതും അപ്രകാരം നിയമിച്ചു വരുന്ന ജീവനക്കാർക്ക് കൺസോളിഡേറ്റഡ് ശമ്പളമാണ് നൽകി വരുന്നത്. നിയമനം നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ജീവനക്കാർക്ക് അവരുടെ നിയമനം സംബന്ധിച്ച വ്യവസ്ഥകൾ നൽകണം. പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകളിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ അതാത് സംഘങ്ങളും കൺസ്യൂമർ ഫെഡറേഷനും മേൽപ്പറഞ്ഞ വ്യവസ്ഥകൾ പ്രകാരമാണ് നിയമിച്ചിട്ടുള്ളത്. നീതി മെഡിക്കൽ സ്റ്റോർ ജീവനക്കാരുടെ ഒരു നിവേദനം കൺസ്യൂമർ ഫെഡറേഷന് ലഭിച്ചിട്ടുണ്ട്. നീതി മെഡിക്കൽ പദ്ധതിയിൽ കീഴിൽ ജോലി ചെയ്തിരുന്ന കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാരെ ഫെഡറേഷനിൽ സ്ഥിരപ്പെടുത്തുക, വേതനം വർദ്ധിപ്പിച്ച് നൽകുക, ശമ്പളം ഏകീകരിക്കുക, സ്റ്റോക്ക് ബാദ്ധ്യതയിൽ നിന്നും ഈ ജീവനക്കാരെ ഒഴിവാക്കുക മുതലായ ആവശ്യങ്ങളാണ് അവർ ഉന്നയിച്ചിട്ടുള്ളത്. ഫെഡറേഷനിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഫെഡറേഷൻ ഈ കാര്യം ചർച്ച ചെയ്ത് അവർ നൽകുന്ന നിർദ്ദേശങ്ങൾ നോക്കി ഈ കാര്യം പരിശോധിക്കുന്നതാണ്. എന്നാൽ കൺസ്യൂമർ ഫെഡറേഷനിലെ നീതി മെഡിക്കൽ പദ്ധതിയിലെ ജീവനക്കാർക്ക് അവരുടെ ക്ലിപ്ത ശമ്പളത്തിൽ 1-7-2000 മുതൽ 10 ശതമാനം വരെ വർദ്ധനവ് നൽകിയിട്ടുണ്ട്. സംഘങ്ങൾ നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറിലെ ജീവനക്കാർക്ക് ഈ വർദ്ധനവ് ലഭിക്കുന്നില്ല. ഈ പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാരെ സ്റ്റോക്കിന്റെ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കണമെന്നാണ് ഒരാവശ്യം. ഏതൊരു വ്യാപാരത്തിന്റെയും സ്റ്റോക്കിന്റെ ഉത്തരവാദിത്വം ചുമതലപ്പെടുത്തിയിട്ടുള്ളത് ഉദ്യോഗസ്ഥർക്ക് തന്നെയാണ്. ആയതിനാൽ നീതി മെഡിക്കൽ സ്റ്റോറുകളിലേയും നീതി മെഡിക്കൽ ഗോഡൗണുകളിലേയും സ്റ്റോക്കിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ തന്നെയാണ് വഹിക്കേണ്ടത്. ഈ ഉത്തരവാദിത്വത്തിൽ നിന്ന് ഇവരെ യാതൊരു തരത്തിലും ഒഴിവാക്കാൻ കഴിയുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly